**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **30-09-2025 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയയിൽനിന്നും തീരദേശത്തെ സുരക്ഷിതമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുനർഗേഹം, ലൈഫ് ഭവന പദ്ധതി പ്രകാരം ഒട്ടേറെ ആളുകളെ തീരപ്രദേശത്തുനിന്നും മാറ്റി താമസിപ്പിച്ചപ്പോളുണ്ടായ ആളൊഴിഞ്ഞ സ്ഥലങ്ങളിലും വീടുകളിലും ഇവിടങ്ങളിലെ ലഹരി മാഫിയകളും മറ്റ് അസാന്മാർഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും തമ്പടിക്കുന്നത് തടയുന്നതിന് എന്തു നടപടിയാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദീകരിക്കാമോ; | (എ) | പുനർഗേഹം, ലൈഫ് ഭവന പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് തീര പ്രദേശങ്ങളിൽ നിന്നും ആളുകളെ മാറ്റി പാർപ്പിച്ചപ്പോൾ ഉണ്ടായ ആളൊഴിഞ്ഞ സ്ഥലങ്ങളും, വീടുകളും കേന്ദ്രീകരിച്ച് രാവും പകലും പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരെ മഫ്റ്റിയിൽ പ്രസ്തുത സ്ഥലങ്ങളിൽ ഡ്യൂട്ടിക്കായി നിയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ച് സമയബന്ധിതമായി നടപടി സ്വീകരിച്ച് വരുന്നതും, സ്റ്റേഷൻ പരിധിയിലെ വിവിധ ബീറ്റുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് അവരവരുടെ ബീറ്റുകളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും വിവരങ്ങളുടെ അടിസ്ഥാനത്തിൽ \| നിയമ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. യോദ്ധാവ് പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് ലഹരി ഉപയോഗത്തെ കുറിച്ച് 9995966666 എന്ന ഫോൺ നമ്പരിൽ പരാതി നൽകുന്നതിലേക്ക് ബോധവത്കരണം നടത്തി വരുന്നതും, അതുവഴി ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നതും ഏത് അടിയന്തിര സാഹചര്യത്തിലും പോലീസിന്റെ സേവനം ലഭ്യമാകാൻ 112 എന്ന നമ്പർ ഫലപ്രദമായി ഉപയോഗിച്ച് വരുന്നതുമാണ്. ആളൊഴിഞ്ഞ സ്ഥലങ്ങളിലും, വീടുകളിലും ലഹരി മാഫിയ തമ്പടിച്ച് അസാൻമാർഗ്ഗിക പ്രവർത്തനങ്ങളിൽഏർപ്പെടുന്നത് തടയുന്നതിലേക്കായി DANSAF ടീമിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. ബന്ധപ്പെട്ട സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ രഹസ്യ വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതും, കൂടാതെ ഇത്തരം പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ അത് എത്രയും പെട്ടെന്ന് പോലീസ് അധികാരികളെ അറിയിക്കുന്നതിനായി കടലോര ജാഗ്രതാ സമിതികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | സുരക്ഷയുടെ ഭാഗമായി തീരപ്രദേശ വിദ്യാലയമായ എസ്. എം. എച്ച്. എസ്. എസ്. അഴിക്കോട് വിദ്യാലയത്തിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് സംവിധാനം തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമായി 2025-26 മുതൽ 70 പുതിയ സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ എസ്. എം. എച്ച്. എസ്. എസ്. അഴിക്കോട് ഉൾപ്പെട്ടിട്ടില്ല. എസ്. എം. എച്ച്. എസ്. എസ്. അഴിക്കോട് വിദ്യാലയത്തിനുള്ള ഊഴം വരുമ്പോൾ ഈ പദ്ധതി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സുരക്ഷയുടെ ഭാഗമായി കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (സി) | സുരക്ഷയുടെ ഭാഗമായി കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിലും മറ്റും ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് കൊടുങ്ങല്ലൂർ സബ് ഡിവിഷനിൽ ഡാൻസാഫ് എന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥപനങ്ങളുടെ പരിസരത്ത് നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളതും M.E.S. സ്കൂൾ പടിഞ്ഞാറെ വെമ്പല്ലൂർ, സെന്റ് ജോസഫ് സ്കൂൾ മതിലകം, OLF GHS മതിലകം, പനങ്ങാട് ഹൈസ്കൂൾ, ചെന്ത്രാപിന്നി ഹൈസ്കൂൾ, ചാലിങ്ങാട് ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. സ്റ്റുഡന്റ്സ് പോലീസ് പദ്ധതി നടപ്പിലാക്കി വരുന്ന സ്കൂളുകളിൽ ഇക്കാര്യത്തിന് പ്രത്യേകം ബോധവൽക്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്. മയക്കുമരുന്നിന്റെ വിതരണവും ഉപയോഗവും വ്യാപനവും തടയാനായി യോദ്ധാവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ